ലഭിക്കുന്നതിന് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇതിനകം ഏതൊക്കെ വകുപ്പുകളിൽ പ്രസ്തുത വിഭാഗത്തിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കി എന്നറിയിക്കുമോ?

പ്രസ്തുത സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം ഓരോ വകുപ്പിലും നിയമനം ലഭിച്ചവരുടെ എണ്ണം വെളിപ്പെടുത്തുമോ?

(എ-സി)പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ, എം.ആർ.എസ്. എന്നിവയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തരം നിയമനം നടത്തുന്നതിന് 100 വാച്ച്മാൻ/വാച്ച് വുമൺ തസ്തികകളും ആയമാരുടെ 108 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകൾ എല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ച് ആയ (Ayah) തസ്തികയിൽ 23 പേർക്കും വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിൽ 32 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി

23(527) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

12-2-2021 -ലെ സ.ഉ.(എം.എസ്.)3/2021/വനം നമ്പർ ഉത്തരവ് പ്രകാരം, വനം വകുപ്പിൽ വനാശ്രിത വിഭാഗത്തിൽപ്പെട്ടവരായ ആദിവാസി വിഭാഗത്തിൽനിന്നും പുതിയ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിനായി, 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയുടെ ഭാഗമായി 'അനിമൽ ഹാന്റിലേഴ്സ് ഇൻ സൂ ആൻഡ് ഫോറസ്റ്റ് ' എന്ന കോഴ്സ് പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

12-2-2021-ലെ സ.ഉ(എം.എസ്.)3/2021/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വനാശ്രിത വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്ക് നിയമനം നൽകുമ്പോൾ, പൂക്കോട് കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി നടത്തിയ അനിമൽ ഹാൻഡ്ലിംഗ് ഇൻ സൂ & ഫോറസ്റ്റ് എന്ന കോഴ്സ് പൂർത്തിയായവർക്ക് മുൻഗണന നൽകുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

24(528) ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടി ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തരം നിയമനം നടത്തുന്നതിന് 100 വാച്ച്മാൻ/വാച്ച് വുമൺ തസ്തികകളും ആയമാരുടെ 108 തസ്തികകളും സൃഷ്ടിച്ച് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ച് ആയ (Ayah) തസ്തികയിൽ 23 പേർക്കും വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിൽ 32 പേർക്കും നിയമനം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 200 തസ്തികകളിലും നിയമനം നടത്തിയിട്ടുള്ളതാണ്. വനം വന്യജീവി വകുപ്പിൽ ആദിവാസി വിഭാഗത്തിൽനിന്നും യോഗ്യരായ 300 ഫോറസ്റ്റ് ഗാർഡുകളെയും 700 ടൈബൽ വാച്ചർമാരെയും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുവാനും അനുമതി നൽകിയിരുന്നു. കൂടാതെ ആദിവാസി വിഭാഗത്തിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവുകൾ യഥാക്രമം അനുബന്ധം I,II,III ആയി ചേർക്കുന്നു*.) പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2016 മുതൽ 2020 വരെയുള്ള കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ പട്ടികവിഭാഗക്കാർക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly